## പതിനഞ്ചാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**ആറാമത് റിപ്പോർട്ട്**

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2011-14)യുടെ മൂന്നാമത് റിപ്പോർട്ടിലെ (കെയർ ഹോം, പുലയനാർക്കോട്ട)**

**ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

**പതിനഞ്ചാം കേരള നിയമസഭ**

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**ആറാമത് റിപ്പോർട്ട്**

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2011-14)യുടെ മൂന്നാമത് റിപ്പോർട്ടിലെ (കെയർ ഹോം, പുലയനാർക്കോട്ട)**

**ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | ... | v |
| ആമുഖം | ... | viii |
| റിപ്പോർട്ട് | ... | 1 |

## മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

### ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ

ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ., സെക്രട്ടറി

ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ഷീജ പി. കെ., അണ്ടർ സെക്രട്ടറി

## ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026) യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-14)യുടെ മൂന്നാമത് റിപ്പോർട്ടിലെ (കെയർ ഹോം, പുലയനാർകോട്ട) 9 ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും ചില മറുപടികളിന്മേൽ സമിതി അധിക വിവരം ആരായുകയും ചെയ്തു. ആയവയിൽ ലഭിച്ച മറുപടികൾ സമിതി അംഗീകരിക്കുകയും ചില മറുപടികളിൽ തുടർന്നും അധിക വിവരം ആരായുകയും ചെയ്തു. പ്രസ്തുത ശിപാർശകളിന്മേലും സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലും വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും സമിതിയുടെ തുടർശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 ..മാർച്ച്.....20-ാം.... തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ചെയർപേഴ്സൺ,
മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം,
2025 .മാർച്ച്..24

## റിപ്പോർട്ട്

ആരും സംരക്ഷിക്കാനില്ലാതെ ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനായി നിലകൊള്ളുന്ന അവസാന ആശ്രയമായി വൃദ്ധസദനങ്ങൾ കണക്കാക്കപ്പെടുന്നു. സംസ്ഥാനത്ത് സർക്കാർ വൃദ്ധസദനങ്ങളും, സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും സ്വകാര്യ മേഖലയിലുള്ള വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വൃദ്ധസദനങ്ങളിലെ പരിചരണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അവർക്ക് നൽകേണ്ട സേവനങ്ങൾ സംബന്ധിച്ചും അംഗീകരിക്കപ്പെട്ട ഒരു പ്രോട്ടോക്കോൾ നിലവിലില്ല. വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനും അവർ അനുഭവിക്കേണ്ടിവരുന്ന അവഗണന , യാതന, മോശം പെരുമാറ്റം, ദുരുപയോഗം എന്നിവയ്ക്കെതിരെ ഗവൺമെന്റിന്റെ മേൽനോട്ടവും നിയന്ത്രണവും വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്തിയ സമിതി സംസ്ഥാനത്തെ വൃദ്ധസദനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പോരായ്മകൾ മനസിലാക്കുന്നതിനും **2013** സെപ്റ്റംബർ **10**-ാം തീയതി തിരുവനന്തപുരം ജില്ലയിലെ പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനം സന്ദർശിക്കുകയും, പതിമൂന്നാം കേരള നിയമസഭയിൽ സമിതിയുടെ മൂന്നാമത് റിപ്പോർട്ടായി "കെയർഹോം പുലയനാർകോട്ട" എന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

**2014** ജനുവരി **23**-ാം തീയതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ **9** ശിപാർശകൾ ഉണ്ടായിരുന്നു. റിപ്പോർട്ടിലെ **9** ശിപാർശകളിന്മേൽ സാമൂഹ്യനീതി, ആരോഗ്യകുടുംബക്ഷേമം, ജലവിഭവം എന്നീ വകുപ്പുകൾ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള പത്രികകൾ ലഭ്യമാക്കി. സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതിയുടെ **28.01.2015, 22.11.2018, 18.11.2020, 17.10.2023** എന്നീ യോഗങ്ങളിൽ പരിഗണിച്ചു.

സമിതി ശിപാർശകളും, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ

സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിലെ ഒന്നാം അദ്ധ്യായമായും സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ആയവയ്ക്ക് സമിതി നിർദേശിച്ച തുടർ നടപടികളും രണ്ടാം അദ്ധ്യായമായും ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം 1

സമിതി ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളും സമിതി അംഗീകരിച്ചത്.

## ശിപാർശ 5

കെയർ ഹോമിലെ താഴത്തെ നിലയിൽ താമസിക്കുന്ന അന്തേവാസികൾക്ക് ബാത്ത്റൂം സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ട സമിതി ഇതിനുള്ള കാരണം ആരാഞ്ഞു. അന്തേവാസികളുടെ എണ്ണം കൂടിയപ്പോൾ ചിലരെ താത്ക്കാലികമായി താഴത്തെ നിലയിൽ താമസിപ്പിച്ചതാണെന്നും കെട്ടിടത്തിന്റെ മുകളിലത്തെ നിലയുടെ പണി പൂർത്തിയാകാനുണ്ടെന്നും ഇതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മുകളിലത്തെ നിലയുടെ പണി പൂർത്തിയാകുന്നതോടെ അന്തേവാസികളെ അവിടേക്ക് മാറ്റി താമസിപ്പിക്കുമെന്നും അവിടെ കൂടുതൽ സൗകര്യം വിഭാവനം ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ അനുവദിച്ച തുക ഉപയോഗിച്ച് കെയർ ഹോമിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി(സി) വകുപ്പിന്റെ **29.08.2014** -ലെ **3639**/സി**1**/**2014**/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

പുലയനാർകോട്ട കെയർ ഹോമിന്റെ മുകളിലത്തെ നിലയ്ക്കായി അനുവദിച്ച തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(സമിതിയുടെ 28.01.2015 -ലെ യോഗത്തിൽ അംഗീകരിച്ചു.)

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി(സി) വകുപ്പിന്റെ 04.08.2018-ലെ സാനീവ-സി1/154/2018-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

പുലയനാർകോട്ട കെയർ ഹോമിലെ സ്ഥലപരിമിതി പരിഹരിയ്ക്കുന്നതിനായി രണ്ടാം നിലയുടെ പണി പൂർത്തീകരിയ്ക്കുന്നതിനും, കെയർ ഹോമിലെ ദമ്പതിമാരായ വൃദ്ധജനങ്ങൾക്ക് ഒരുമിച്ച് താമസിയ്ക്കുന്നതിനുമായി 20 അപ്പാർട്ട്മെന്റുകളും 3 ഡോർമിറ്ററികളും പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സമിതിയുടെ 22.11.2018 -ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ 6

കെയർ ഹോമിലെ 107 അന്തേവാസികൾക്കുള്ള ഭക്ഷണം പാചകം ചെയ്യുന്നതിന് ഇപ്പോൾ രണ്ട് പേർ മാത്രമേ ഉള്ളൂ എന്നും ഇത് അപര്യാപ്തമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു . കെയർ ഹോമിലെ അന്തേവാസികൾക്കുള്ള ആഹാരം പാചകം ചെയ്തു നൽകുന്നതിനായി കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി(സി) വകുപ്പിന്റെ 29.08.2014-ലെ 3639/സി1/2014/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

കെയർ ഹോമിലെ അന്തേവാസികൾക്കായി ആഹാരം പാചകം ചെയ്തു നൽകുന്നതിനായി അധികമായി ഒരു കുക്കിന്റെ തസ്തിക കൂടി സൃഷ്ടിക്കുന്ന വിഷയം പരിഗണിച്ചു വരുന്നു. താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ കുക്കിനെ നിയമിക്കാൻ സ്ഥാപന സൂപ്രണ്ടിന് നിർദേശം നൽകിയിട്ടുണ്ട്.

(സമിതിയുടെ 28.01.2015-ലെ യോഗത്തിൽ അംഗീകരിച്ചു.)

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

(സാമൂഹ്യനീതി(സി) വകുപ്പിന്റെ **04.08.2018**-ലെ സാനീവ-സി**1/154/2018**-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

സ്ഥാപനത്തിൽ നിലവിലുള്ള രണ്ട് സ്ഥിരം കുക്കുമാർക്ക് പുറമെ മാനേജ്മെന്റ് കമ്മിറ്റി വഴി ദിവസ വേതനാടിസ്ഥാനത്തിൽ ഒരു കുക്കിനെ കൂടി നിയമിച്ചിട്ടുണ്ട്.

(സമിതിയുടെ **22.11.2018**-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ 7**

കെയർ ഹോമിന് സ്വന്തമായി ഒരു ആംബുലൻസുണ്ടെന്നും രോഗികളായ അന്തേവാസികളെ ജനറൽ ആശുപത്രിയിൽ ചികിത്സിക്കുകയാണ് പതിവെന്നും അവിടത്തെ ചികിത്സ പോരാതെ വരികയാണെങ്കിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടു പോകുമെന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. മാസത്തിൽ മൂന്ന് പ്രാവശ്യം ഡോക്ടർ കെയർ ഹോമിൽ പരിശോധനയ്ക്ക് എത്താറുണ്ടെന്നും ആയത് തികച്ചും അപര്യാപ്തമാണെന്നും സമിതിയുടെ അന്വേഷണത്തിന് മറുപടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ആയതിനാൽ കെയർ ഹോമിലെ വൃദ്ധരായ അന്തേവാസികളെ പരിശോധിക്കുന്നതിനായി ആഴ്ചയിൽ ഒരു പ്രാവശ്യം ഡോക്ടറുടെ സേവനം കെയർ ഹോമിൽ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **29.08.2014**-ലെ **3639**/സി**1/2014**/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

കെയർ ഹോമിലെ അന്തേവാസികളെ പരിശോധിക്കുന്നതിനായി എല്ലാ

ആഴ്ചയും അലോപ്പതി, ആയുർവേദ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ ആയൂർ ആരോഗ്യ ഫൗണ്ടേഷൻ എന്ന സംഘടന ദിവസം 6 അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നുണ്ട്. (സമിതിയുടെ 28.01.2015-ലെ യോഗത്തിൽ അംഗീകരിച്ചു.)

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 04.08.2018-ലെ സാനീവ -സി1/154/2016-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

പുലയനാർകോട്ട കെയർ ഹോമിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴിയുള്ള മെഡിക്കൽ ആഫീസറുടെ സേവനം ആഴ്ചയിലൊരിയ്ക്കൽ ലഭ്യമാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ വയോ അമൃതം പദ്ധതി പ്രകാരം ആയൂർവേദ മെഡിക്കൽ ആഫീസറുടെ സേവനം എല്ലാ ദിവസവും ലഭ്യമാകുന്നുണ്ട്. (സമിതിയുടെ 22.11.2018-ലെ യോഗത്തിൽ അംഗീകരിച്ചു)

## ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച മറുപടി

(ആരോഗ്യകുടുംബക്ഷേമ (എ) വകുപ്പിന്റെ 10/10/2019-ലെ 22158/എ 3/2014/ആ.കു.വ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

പുലയനാർകോട്ട കെയർഹോമിൽ ആഴ്ചയിൽ ഒരു പ്രാവശ്യം , പുലയനാർകോട്ട നെഞ്ചുരോഗാശുപത്രിയിൽ നിന്നുമുള്ള ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനും, മാസത്തിലൊരിക്കൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ അതത് ആശുപത്രി സൂപ്രണ്ട്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

(സമിതിയുടെ 18.11.2020-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ 8

പേരൂർക്കട മാനസിക രോഗാശുപത്രിയിൽ നിന്ന് അസുഖം ഭേദമായി വന്നവർ അന്തേവാസികളുടെ കൂട്ടത്തിലുണ്ടെന്നും അവർക്ക് മരുന്ന് തുടരുന്നുവെന്നും എന്നാൽ അവരെ പരിശോധിക്കുവാൻ സൈക്യാട്രിസ്റ്റ് വരാറില്ലെന്നും സമിതി മനസ്സിലാക്കി. കുടുംബങ്ങളില്ലാതെ കഴിയുന്ന ഈ വയോജനങ്ങളുടെ മാനസികാരോഗ്യം കാത്തുസൂക്ഷിക്കുന്നതിലൂടെ ഇവരുടെ ശാരീരികാസ്വാസ്ഥ്യങ്ങൾ കുറയ്ക്കാനാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കെയർ ഹോമിൽ മാസത്തിലൊരു പ്രാവശ്യമെങ്കിലും സൈക്യാട്രിസ്റ്റിന്റെ സേവനവും കൗൺസിലിംഗിനുള്ള സൗകര്യവും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## <u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **29.08.2014**-ലെ **3639**/സി**1**/**2014**/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

കെയർഹോമിൽ മാസത്തിൽ ഒരിക്കൽ സൈക്യാട്രിസ്റ്റിന്റെ സേവനവും കൗൺസിലിംഗിനുള്ള സൗകര്യവും ഏർപ്പെടുത്തുന്ന വിഷയവും, ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതും, ആരോഗ്യവകുപ്പുമായി കൂടയാലോചിച്ച് നടപ്പിലാക്കുന്നതാണ്.

(സമിതിയുടെ **28.01.2015**-ലെ യോഗത്തിൽ അംഗീകരിച്ചു)

## <u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **04.08.2018**-ലെ സാനീവ -സി**1**/**154**/**2018**-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)

കെയർ ഹോമിലെ താമസക്കാർക്കായി കൗൺസിലിംഗ് സേവനം കേരളാ സാമൂഹ്യസുരക്ഷാമിഷൻ വഴി ലഭ്യമാകുന്നുണ്ട്.

(സമിതിയുടെ **22.11.2018**-ലെ യോഗത്തിൽ അംഗീകരിച്ചു.)

## <u>ആരോഗ്യകുടംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി</u>

(ആരോഗ്യകുടുംബക്ഷേമ(എം) വകുപ്പിന്റെ **10.10.2019**-ലെ **22158**/എ **3/2014**/ആകുവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

പുലയനാർകോട്ട കെയർഹോമിൽ ആഴ്ചയിൽ ഒരു പ്രാവശ്യം , പുലയനാർകോട്ട നെഞ്ചുരോഗാശുപത്രിയിൽ നിന്നുമുള്ള ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനും, മാസത്തിലൊരിക്കൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ അതത് ആശുപത്രി സൂപ്രണ്ട്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

(സമിതിയുടെ **18.11.2020**-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ 9

അന്തേവാസികളിൽ ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ചികിത്സയ്ക്കും അവരെ വ്യായാമം ചെയ്യിക്കുന്നതിനുമായി ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ആഴ്ചയിലൊരിക്കൽ ഫിസിയോതെറാപിസ്റ്റിന്റെ സേവനം കെയർ ഹോമിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **29.08.2014**-ലെ **3639**/സി**1**/**2014**/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)

കെയർഹോമിൽ മാസത്തിൽ ഒരിക്കൽ സൈക്യാട്രിസ്റ്റിന്റെ സേവനവും കൗൺസിലിംഗിനുള്ള സൗകര്യവും , ഫിസിയോതൊറാപ്പിസ്റ്റിന്റെ സേവനവും ലഭ്യമാക്കുന്നതിനും, ആരോഗ്യവകുപ്പുമായി കൂടിയാലോചിച്ച് നടപ്പിലാക്കുന്നതാണ്.

(സമിതിയുടെ **28.01.2015**-ലെ യോഗത്തിൽ അംഗീകരിച്ചു.)

**<u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **04.08.2018**-ലെ സാനീവ -സി**1/154/2018**-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)

കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴിയായി ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം സ്ഥാപനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സമിതിയുടെ **22.11.2018**-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**<u>22.11.2018-ൽ സമിതി ആരാഞ്ഞ അധിക വിവരം</u>**

കെയർ ഹോമിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

**<u>സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ ലഭിച്ച മറുപടി</u>**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **13.06.2023**-ലെ **C1/154/2018-SJD** നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)

തിരുവനന്തപുരം ജില്ലയിലെ ഹോമുകളിൽ മെഡിക്കൽ ഔട്ട് റീച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ നിയോഗിച്ച **HLFPPT** എന്ന എൻ.ജി.ഒ. മുഖാന്തരം നിരവധി മെഡിക്കൽ സേവനങ്ങൾ അന്തേവാസികൾക്ക് ലഭ്യമാക്കുന്നുണ്ട്. സമിതി റിപ്പോർട്ടിൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് കൂടി ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കണം എന്ന പ്രത്യേക നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ടി സ്ഥാപനങ്ങളിൽ നിശ്ചിത സമയക്രമം പാലിച്ചുകൊണ്ട് ലഭ്യമാക്കുന്നുണ്ടെന്ന് സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സമിതിയുടെ **17.10.2023**-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ 10**

ജലദൗർലഭ്യമാണ് കെയർ ഹോം നേരിടുന്ന മുഖ്യപ്രശ്നമെന്നും മുന്നൂറ് രൂപ കോർപ്പറേഷനിൽ അടച്ചാണ് ദൈനംദിന ആവശ്യങ്ങൾക്കായി ഇപ്പോൾ വെള്ളം കൊണ്ടുവരുന്നതെന്നും ഇത് അപര്യാപ്തമായതിനാൽ ടോയ്‌ലറ്റും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് ബുദ്ധിമുട്ടാണെന്നും അന്തേവാസികളിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സമിതി മനസ്സിലാക്കി. കെയർ ഹോമിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചുവെങ്കിലും പുലയനാർ കോട്ടയിൽ മൂന്ന് ദിവസത്തിലൊരിക്കൽ മാത്രമാണ് വെള്ളം ലഭിക്കുന്നത് എന്ന കാരണത്താൽ ഇത് വേണ്ടത്ര പ്രയോജനം ചെയ്യില്ലെന്നും എന്നാൽ മെഡിക്കൽ കോളേജ് ലൈനിൽ നിന്നും ചെസ്റ്റ് ഹോസ്പിറ്റൽ വരെയുള്ള ലൈനിൽ എപ്പോഴും വെള്ളം ലഭ്യമായതിനാൽ അവിടെനിന്ന് **300** മീറ്റർ ലൈൻ നീട്ടി കെയർ ഹോംവരെ എത്തിച്ചാൽ വെള്ളക്ഷാമം പരിഹരിക്കാനാകുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ വ്യക്തമാക്കി. ഈ സാഹചര്യത്തിൽ കെയർ ഹോമിലെ ജലക്ഷാമം പരഹരിക്കുന്നതിനായി മെഡിക്കൽ കോളേജിൽനിന്ന് ചെസ്റ്റ് ഹോസ്പിറ്റൽ വരെയുള്ള ലൈൻ കെയർ ഹോംവരെ നീട്ടുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **29.08.2014**-ലെ **3639**/സി**1**/**2014**-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)

കെയർഹോമിലെ കുഴൽക്കിണറിൽ നിന്ന് ലഭിക്കുന്ന ജലം **110**-ഓളം അന്തേവാസികൾക്ക് മതിയാകാതെ വരുന്നതിനാൽ വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

(സമിതിയുടെ **28.01.2015**-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി

(ജലവിഭവ(ജലവിതരണ-സി) വകുപ്പിന്റെ **05.09.2016**-ലെ **24020/സി1/2014**-ജ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)

പുലയനാർ കോട്ട കെയർ ഹോമിലേയ്ക്ക് വാട്ടർ കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി **13.05.2016**-ൽ കേരള വാട്ടർ അതോറിറ്റിയിൽ വിളിച്ചു ചേർത്ത ഉദ്യോഗസ്ഥരുടേയും , കരാറുകാരന്റേയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണികൾ എത്രയും വേഗം പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പു നൽകുകയും പണികൾ പുനരാരംഭിക്കുകുയം ചെയ്തിട്ടുണ്ട്. പുലയനാർ കോട്ട വൃദ്ധസദനത്തിന് ഇപ്പോൾ മെഡിക്കൽ കോളേജ് പമ്പിൽ നിന്നും വെള്ളം നൽകി വരുന്നു. ഇതിനായി പ്രത്യേകം നടപ്പാക്കുന്ന പണികൾ പുരോഗമിച്ചു വരുന്നു. **6** മാസത്തിനുള്ളിൽ പൂർത്തിയാകും. (സമിതിയുടെ **18.04.2017**-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

## 18.04.2017-ൽ സമിതി ആരാഞ്ഞ അധിക വിവരം

പുലയനാർകോട്ട കെയർ ഹോമിലേക്ക് വാട്ടർ കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പ്രസ്തുത വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു.

## സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലുള്ള മറുപടി

ജലവിഭ (ജലവിതരണ-സി) വകുപ്പിന്റെ **12.07.2019**-ലെ സി**1/10/18**/ജ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

പുലയനാർകോട്ട കെയർഹോമിലേയ്ക്ക് വാട്ടർകണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ **17.03.2015**-ൽ ആരംഭിക്കുകയും **23,57,720/-** (ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തേഴായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ) ചെലവഴിച്ച് **30.06.2017**-ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.)

(സമിതിയുടെ **19.09.2019**-ലെ യോഗത്തിൽ അംഗീകരിച്ചു.)

**<u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>**

(സാമൂഹ്യനീതി(സി) വകുപ്പിന്റെ **04.08.2018**-ലെ സാനീവ -സി/**154**/**2018**-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

വാട്ടർ അതോറിറ്റി വഴി കെയർ ഹോമിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കി ജല ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്.

(സമിതിയുടെ **22.11.2018**-ലെ യോഗത്തിൽ അംഗീകരിച്ചു)

**<u>ശിപാർശ 11</u>**

ദിവസവേതനാടിസ്ഥാനത്തിൽ കെയർ ഹോം മാനേജിംഗ് കമ്മിറ്റി നിയമിച്ച രണ്ട് നഴ്സിംഗ് സ്റ്റാഫ് ഉൾപ്പെടെയുള്ള **7** ജീവനക്കാർക്ക് **250** രൂപ നിരക്കിലാണ് വേതനം നൽകുന്നതെന്നും ഇത് വളരെ കുറവാണെന്നും ഇവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും അവധിയോ ലഭിക്കുന്നില്ലെന്നും ശുശ്രൂഷയ്ക്കായി നിയോഗിച്ചവർ തന്നെ ക്ലീനിംഗ് ജോലികളും ചെയ്യുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു . ആയതിനാൽ കെയർ ഹോമിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് മാനേജിംഗ് കമ്മിറ്റി നൽകുന്ന വേതനം വർദ്ധിപ്പിക്കണമെന്നും സാനിറ്റേഷൻ ജോലികൾക്കായി പ്രത്യേകം ജിവനക്കാരെ നിയമിക്കണമെന്നും കെയർ ഹോമിൽ ആവശ്യമുള്ള ജീവനക്കാരെ സർക്കാർ തലത്തിൽ നിയമനം നടത്തുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**<u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **29.08.2014**-ലെ **3639**/സി**1**/**2014**/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

കെയർഹോമിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക്

മാനേജ്മെന്റ് കമ്മിറ്റി നൽകുന്ന വേതനം വർദ്ധിപ്പിക്കുന്ന വിഷയവും സാനിറ്റേഷൻ ജോലികൾക്കായി പ്രത്യേകം ജിവനക്കാരെ സർക്കാർ തലത്തിൽ നിയമിക്കുന്ന വിഷയവും പരിഗണിച്ചു വരുന്നു.

(സമിതിയുടെ **28.01.2015**-ലെ യോഗത്തിൽ അംഗീകരിച്ചു)

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി(സി) വകുപ്പിന്റെ **04.08.2018**-ലെ സാനീവ .സി**1/154/2018**-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

ദിവസ വേതനാടിസ്ഥാനത്തിൽ മാനേജ്മെന്റ് കമ്മിറ്റി വഴി കെയർ ഹോമിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം **300/-** രൂപയിൽ നിന്ന് **400/-** രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഡ്രൈവറുടെ ശമ്പളം **400/-** രൂപയിൽ നിന്നും **550/-** രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(സമിതിയുടെ **22.11.2018**-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

## 22.11.2018-ൽ സമിതി ആരാഞ്ഞ അധിക വിവരം

കെയർ ഹോമിലെ ജോലിക്കാർക്കും ഡ്രൈവർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ദിവസവേതനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

## അധിക വിവരത്തിന്മേൽ ലഭിച്ച മറുപടി

(സാമൂഹ്യനീതി(സി) വകുപ്പിന്റെ **13.06.2023**-ലെ **C1/154/2018-SJD** നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

മാനേജ്മെന്റ് കമ്മിറ്റി മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർ , കെയർ പ്രൊവൈഡർ എന്നീ ജീവനക്കാരുടെ

വേതനത്തിൽ 2017 ആഗസ്റ്റ് മുതൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഡ്രൈവർക്ക് 400/- രൂപയിൽ നിന്ന് 550/- രൂപയായും, കെയർ പ്രൊവൈഡർക്ക് 300/- രൂപയിൽ നിന്ന് 400/- രൂപയായിട്ടുമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. സർക്കാർ നിശ്ചയിച്ച നിരക്കിൽ ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ഹോമുകളിലെ ജിവനക്കാർക്ക് വേതനത്തിൽ വർദ്ധനവ് വരുത്തുവാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണെന്നും കഴിയുന്നതും വേഗം ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
(സമിതിയുടെ 17.10.2023-ലെ യോഗത്തിൽ അംഗീകരിച്ചു.)

## <u>ശിപാർശ 12</u>

അന്തേവാസികളുടെ വസ്ത്രത്തിനും ആഹാരത്തിനും മരുന്നിനുമായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വെളിവാക്കപ്പെട്ടു . ആയതിനാൽ കെയർ ഹോമിലെ അന്തേവാസികൾക്ക് വസ്ത്രത്തിനും ആഹാരത്തിനും മരുന്നിനുമായി അനുവദിക്കുന്ന തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## <u>സാമൂഹ്യനിതീ വകുപ്പ് സ്വീകരിച്ച നടപടി</u>

സാമൂഹ്യനീതി (സി) വകുപ്പിന്റെ 29.08.2014-ലെ 3639/സി1/2014/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് നിലവിൽ ആഹാരത്തിനും വസ്ത്രം , മരുന്ന് എന്നിവയ്ക്കും അനുവദിച്ചുവരുന്ന തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.
(സമിതിയുടെ 28.01.2015-ലെ യോഗത്തിൽ അംഗീകരിച്ചു.)

## <u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 04.08.2018-ലെ സാനീവ -സി1/154/2018-സാനീവ

നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

**29.07.2015**-ലെ **G.O(Rt)No.467/15/SJD** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് ആഹാരത്തിനും, മരുന്നിനും, വസ്ത്രത്തിനും മറ്റ് കാര്യങ്ങൾക്കുമായി അനുവദിയ്ക്കുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

(സമിതിയുടെ **22.11.2018**-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

## 22.11.2018-ൽ സമിതി ആരാഞ്ഞ അധിക വിവരം

കെയർ ഹോമിലെ താമസക്കാർക്ക് ആഹാരം, മരുന്ന്, വസ്ത്രം എന്നിവയ്ക്കും മറ്റ് കാര്യങ്ങൾക്കുമായി എത്ര തുകയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നുള്ള വിശദാംശം സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## അധികവിവരത്തിന്മേൽ ലഭിച്ച മറുപടി

(സാമുഹ്യനീതി (സി) വകുപ്പിന്റെ **13.06.2023**-ലെ **C1/154/2018-SJD** നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ആഹാരം , മരുന്ന്, വസ്ത്രം എന്നിവയ്ക്കായി **29.07.2015**-ലെ സ.ഉ, (സാധാ) നം. **467/15**/സാനീവ. നം ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| **Items** | **Sanctioned Amount per beneficiary (pre-revised)** | **Enhanced Amount per beneficiary (Revised)** |
|---|---|---|
| **Dietry articles** | **750/-p.m** | **2000/p.m** |
| **Medicine** | **100/-p.m** | **1000/-p.m** |
| **Clothing** | **1000/p.a** | **2000/p.a** |

(സമിതിയുടെ **17.10.2023**-ലെ യോഗത്തിൽ അംഗീകരിച്ചു)

## അദ്ധ്യായം 2

സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും അവയ്ക്ക് സമിതി നിർദ്ദേശിച്ച തുടർ ശിപാർശകളും.

## ശിപാർശ 15

അന്തേവാസികളുടെ മാനസികോല്ലാസത്തിനായി അവരെ ഇടയ്ക്ക് പുറത്തു കൊണ്ടുപോകാറുണ്ടെന്നും കെയർ ഹോമിൽ എല്ലാ ദിനപ്പത്രങ്ങളും വരുത്താറുണ്ടെന്നും 40% പേർ പത്രം വായിക്കുന്നുണ്ടെന്നും മറ്റു പുസ്തകങ്ങൾ വായിക്കുവാൻ താൽപര്യമുള്ള രണ്ട് പേർ മാത്രമേ ഉള്ളുവെന്നും അധികംപേരും രാവിലെ 8 മണിമുതൽ രാത്രി 10 മണിവരെ തുടർച്ചയായി ടി.വി. കാണുന്നവരാണെന്നും കാരംബോർഡ് വാങ്ങിയെങ്കിലും അതാരും ഉപയോഗിക്കുന്നില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിവരിച്ചു . വലിയ അസുഖങ്ങളൊന്നും ഇല്ലാത്ത അന്തേവാസികൾക്കും പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ പകലുകൾ തള്ളിനീക്കേണ്ട അവസ്ഥയാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു ഇത് മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിന് നല്ലതല്ലാത്തതിനാൽ താൽപ്പര്യമുള്ളവർക്ക് ഫലവത്തായ ഏതെങ്കിലും ഒരു പ്രവൃത്തിയിലേർപ്പെടുവാൻ സാധിക്കുന്ന ഒരു പദ്ധതി വൃദ്ധസദനങ്ങളിൽ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 29.08.2014-ലെ 3639/സി1/2014-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് പകൽ സമയം പ്രയോജനപ്രദമാക്കുവാനും മാനസിക ശാരീരിക ആരോഗ്യം നിലനിർത്തുന്നതിനുമായി പച്ചക്കറികൃഷി, മെഴുകുതിരി നിർമ്മാണം, വിളക്കുതിരി നിർമ്മാണം എന്നിവയിൽ ഏർപ്പെടുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. (സമിതിയുടെ 28.01.2015-ലെ യോഗത്തിൽ അംഗീകരിച്ചു).

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 04.08.2018-ലെ സാനീവ -സി1/154/2018-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

കെയർ ഹോമിലെ താമസക്കാരിൽ താല്പര്യമുള്ളവർക്ക് സ്വയം തൊഴിൽ ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു.

(സമിതിയുടെ 22.11.2018-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**തുടർശിപാർശ**

കെയർ ഹോമിലെ അന്തേവാസികൾക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

തിരുവനന്തപുരം,
2025 മാർച്ച് 20.

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ചെയർപേഴ്സൺ,
മുതിർന്ന പൗരൻമാരുടെ ക്ഷേമം
സംബന്ധിച്ച സമിതി